"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.അനിൽ വിൻസെന്റ്, കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.923/2023-ന്മേലുള്ള 21.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2762/2023/H&FWD തീയതി,തിരുവനന്തപുരം, 21-10-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം.1382/2023/ആകുവ തീയതി 09.06.2023.

2. ഡോ.അനിൽ വിൻസെന്റ്, കൺസൾട്ടന്റ് (പീഡിയാട്രിക്സ്)സമർപ്പിച്ച അപേക്ഷ (Annexure A4)

3. OA No.923/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 21.06.2023-ലെ ഉത്തരവ്

4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ സ്പെഷ്യാലിറ്റി കേഡർ കൺസൾട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച 2023 പൊതുസ്ഥലംമാറ്റത്തിൽ പരിഗണിക്കാതിരുന്നതിനാൽ പീഡിയാട്രിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ .അനിൽ വിൻസെന്റ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപേക്ഷ സമർപ്പിക്കുകയും , ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA No.923/2023 ഫയൽ ചെയ്യുകയും ഉണ്ടായി . അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി .

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത

381731 GOVERNMENT OF KERALA

കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) അപേക്ഷകൻ ആലപ്പുഴ ജനറൽ ആശുപത്രിയിൽ ജോലി നോക്കി വന്ന അപേക്ഷകൻ ചേർത്തല താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി. കരട് സ്ഥലംമാറ്റ പട്ടികയിൽ 3-ാം എതിർകക്ഷി ഡോ.സുനിൽ.ആർ.-നെ ചേർത്തല താലൂക്ക് ആശുപത്രിയിൽ ഉൾക്കൊള്ളിച്ചിരുന്നു. രണ്ടുപേർക്കും ഒരേ ഔട്ട്സ്റ്റേഷൻ ആയതിനാൽ സീനിയറായ അപേക്ഷകനെ സർവ്വീസ് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ മുമ്പാകെ ചേർത്തലയ്ക്ക് അപ്പീൽ സമർപ്പിച്ചു. ആയത് പരിഗണിച്ചില്ല. അന്തിമ ഉത്തരവിൽ ആവശ്യപ്പെട്ട സ്ഥലംമാറ്റം ലഭ്യമാക്കാത്തതിനാൽ, പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഡോ.അനിൽ വിൻസെന്റ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4) പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി വിഷയം പരിശോധിക്കുകയുണ്ടായി. അപേക്ഷകൻ നിലവിലെ സ്ഥാപനമായ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചത് 01.02.2021-നാണ്. ടിയാൻ സ്ഥലംമാറ്റത്തിനായി ആവശ്യപ്പെട്ടിരുന്ന ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിച്ചിരിക്കുന്നത് 09.12.2020 മുതൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.ആർ.സുനിലും, ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിയമിച്ചിരിക്കുന്നത് 21.12.2018 മുതൽ ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. സംഗീത ജോസഫിനെയും, 01.08.2019 മുതൽ ആലപ്പുഴ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ. അനുപമ.ആർ.-നെയുമാണ്. നിലവിലെ സ്ഥാപനത്തിൽ അപേക്ഷകൻ മൂന്നു വർഷ സേവനകാലം പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ പരാമർശം (2) പ്രകാരം ഡോ.അനിൽ വിൻസെന്റ് സമർപ്പിച്ച അപേക്ഷ നിരസിക്കാവുന്നതാണെന്ന് കമ്മിറ്റി തീരുമാനിച്ചു.

5) മേൽ സാഹചര്യത്തിൽ, കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചു കൊണ്ട് ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം ആവശ്യപ്പെട്ട്

ഡോ.അനിൽ വിൻസെന്റ് സമർപ്പിച്ച പരാമർശം (2) അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.923/2023-ന്മേലുള്ള 21.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ.

Dr.Anil Vincent, Consultant (Paediatrics), Amala Gardens, CMC-13, Cherthala P.O., Alappuzha - 688 524.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

R Renuka

Date: 21-10-2023 14:40:59

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ- 5159/2023/ആ.വ.ഡ, തീയതി 25/10/2023

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി



GOVERNMENT OF KERALA